# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1968      13/06/2019-ൽ മറുപടിയ്ക്ക്

## കുട്ടികൾക്ക് നേരെ ഉണ്ടാകുന്ന അതിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എസ്.ശിവകുമാർ<br>,, കെ.എസ്.ശബരീനാഥൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, സണ്ണി ജോസഫ് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കുട്ടികൾക്ക് നേരെ ഉണ്ടാകുന്ന അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) രണ്ടാനമ്മ/അച്ഛന്റെ കീഴിൽ കഴിയുന്ന കുട്ടികളെ സംബന്ധിച്ച എന്തെങ്കിലും വിശദാംശം ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോ; | (ബി) അച്ഛനോ അമ്മയോ രണ്ടാം വിവാഹം കഴിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം അങ്കണവാടികൾ മുഖേന ശേഖരിച്ചു വരുന്ന വാർഷിക സർവ്വേയിൽ 2017-18 വർഷത്തിൽ ശേഖരിച്ചിട്ടുണ്ട്. 2018-19-ന് നടത്തുന്ന വാർഷിക സർവ്വേയിൽ ഷെഫീക്ക് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന വൾണറബിലിറ്റി മാപ്പിംഗിലെ സൂചകങ്ങളിൽ അമ്മയുടെയും രണ്ടാനച്ഛന്റെയും കൂടെ താമസിക്കുന്ന കുട്ടികളുടെ എണ്ണവും അച്ഛന്റെയും രണ്ടാനമ്മയുടെയും കൂടെ താമസിക്കുന്ന കുട്ടികളുടെ എണ്ണവും ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇത്തരം കുട്ടികൾ ശാരീരിക മാനസിക പീഢനത്തിന് വിധേയരാകുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിന് സ്കൂൾ തലത്തിൽ പ്രത്യേക പരിശോധനയും കൗൺസലിംഗും ഏർപ്പെടുത്തുമോ എന്നറിയിക്കാമോ? | (സി) ഇടപെടലുകൾ ആവശ്യമായ കേസുകളിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖേന പ്രത്യേക പരിശോധനയും, കൗൺസിലിംഗും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തലത്തിൽ 1012 കൗൺസിലിംഗ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. അവർ വഴിയും വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ